LIBRARY ARCHIVES Kerala Legislative Assembly

ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി

158 (847) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുന്നതിൽ കുളങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് കുളങ്ങളുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത്. ഇതിലൂടെ കുളങ്ങൾ നവീകരിച്ച് പൂർവ്വകാല പ്രൗഢി വീണ്ടെടുക്കുവാൻ സാധിക്കുകയും കുളങ്ങൾ ജനങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ മാറ്റിയെടുക്കാൻ സാധിക്കുകയും ചെയ്യും. മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭ ജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇതുവരെ വിവിധ പദ്ധതികളിലായി 689 കുളങ്ങൾ നവീകരിക്കുന്നതിന് 152.44 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾക്ക് 72.75 കോടി രൂപയും റിപ്പയർ, റെനവേഷൻ, റെസ്റ്റോറേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 134 കുളങ്ങൾക്ക് 29 കോടി രൂപയും 2013-14 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി 21 കുളങ്ങൾ നവീകരിക്കുന്നതിന് 5.69 കോടി രൂപയും 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് ധനസഹായം എന്നിവയിൽ ഉൾപ്പെടുത്തി 180 കുളങ്ങൾക്കായി 45 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.